## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *208 07. 07. 2015 ൽ മറുപടിക്ക്

### വൈദ്യുതി ഭേദഗതി ബിൽ


**ചോദ്യം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
" റോഷി അഗസ്റ്റിൻ
ഡോ.എൻ.ജയരാജ്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)


| | |
|---|---|
| (എ) രാജ്യത്ത് നടപ്പാക്കുന്ന വൈദ്യുതി ഭേദഗതി ബിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്, 2003- ൽ ഇറങ്ങിയ കേന്ദ്ര വൈദ്യുതി നിയമം, 2007 ന് ശേഷം നാളിതു വരെ ഭേദഗതി ചെയ്തിട്ടില്ല. 2013 ഒക്ടോബർ 17 ന് വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള കരട് നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങളടങ്ങിയ ഒരു കരട് ബിൽ ലോകസഭയുടെയും രാജ്യസഭയുടെയും മുമ്പാകെ വച്ചിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശങ്ങൾ വിശദമായി പഠിക്കുന്നതിന് ഒരു പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെയും നിയമിച്ചിട്ടുണ്ട്. എന്നാൽ ടി ബില്ലിൻ മേൽ ഒരു അന്തിമ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടില്ല.<br><br>ടി നിയമം നടപ്പാക്കുന്ന പക്ഷം വൈദ്യുതി വിതരണ രംഗത്ത് ഉണ്ടാവുന്ന മാറ്റങ്ങൾ താഴെ പറയുന്നവയാണ്.<br><br>(1) വൈദ്യുതി വിതരണ മേഖല വിഭജിച്ച്, വിതരണ ലൈനുകളുടെ ചുമതലയുള്ള വിതരണ കമ്പനിയും, വൈദ്യുതി വാങ്ങി വിതരണ കമ്പനിയുടെ ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളണമെന്ന് ടി കരട് ബിൽ നിർദ്ദേശിക്കുന്നു.<br>(2) വൈദ്യുതി വാങ്ങി വിൽപ്പന നടത്തുന്നതിന് ഓരോ പ്രദേശത്തും ഒന്നിലധികം സപ്ലൈ കമ്പനികൾ ഉണ്ടാകും.<br>(3) ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലൈ കമ്പനികളിൽ നിന്നും വൈദ്യുതി വാങ്ങാൻ അവസരം നൽകുമെന്നും, ഇത് മത്സരം സൃഷ്ടിക്കാനും മെച്ചപ്പെട്ട |

| | |
|---|---|
| | സേവനം നൽകാനും അവസരം ഒരുക്കുമെന്നും ടി ബിൽ നിർദ്ദേശിക്കുന്നു.<br>(4) കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉത്പാദകർ, മറ്റ് ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.<br>(5) റിന്യൂവബിൾ എനർജി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ടി കരട് വിജ്ഞാപനം നിർദ്ദേശിക്കുന്നു.<br>(6) ടി വിജ്ഞാപനം വരുന്ന മൂന്ന് വർഷത്തിനുള്ളിൽ വിതരണ ലൈസൻസികളിൽ നിന്ന് സപ്ലൈ ആക്ടിവിറ്റി മാറ്റേണ്ടതും വിതരണ ലൈസൻസികളുടെ ഉത്തരവാദിത്വം വൈദ്യുതി ശൃംഖലകൾ ഉണ്ടാക്കുന്നതിലും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും മാത്രമായി മാറുന്നതാണ്. കൂടാതെ ഇത്തരം വൈദ്യുതി ശൃംഖലകളിൽ കൂടി സപ്ലൈ ലൈസൻസികൾക്ക് വൈദ്യുതി കടത്തി ഉപഭോക്താവിന് വിൽക്കുന്നതിന് അനുവാദം നൽകേണ്ടതാണ്.<br>(7) വൈദ്യുതി ഉപഭോക്താവിന് എത്തിക്കുന്നതിനു-ള്ള പരിപൂർണ്ണ ഉത്തരവാദിത്വം സപ്ലൈ ലൈസൻസികളിൽ മാത്രം നിക്ഷിപ്തമാവുകയും ചെയ്യും. എന്നാൽ ഏതെങ്കിലും വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസികൾ വരാത്ത പക്ഷം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തന്നെയായിരിക്കും അവരുടെ ഇൻകുംബന്റ് സപ്ലൈ ലൈസൻസി അഥവാ ഡിസ്ട്രിബ്യൂഷൻ ലൈസൻസികളായിരിക്കും ആ വിഭാഗം ഉപഭോക്താ-ക്കൾക്ക് സപ്ലൈ നൽകുന്നതിന് കടമപ്പെട്ടിരിക്കുന്നത്. |
| (ബി) നിർദ്ദിഷ്ട ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്റർ മീഡിയറി സ്ഥാപനങ്ങളുടെ | (ബി & സി) നിലവിലുള്ള വൈദ്യുതി വിതരണ കമ്പനിയെ വിഭജിച്ച് വിതരണ ലൈനുകളുടെ ചുമതലയുള്ള വിതരണ കമ്പനിയും, വൈദ്യുതി വാങ്ങി വിതരണ കമ്പനിയുടെ |

| | |
|---|---|
| പ്രവർത്തനം സംസ്ഥാനത്ത് എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇതുമൂലം വൈദ്യുതി ഉപഭോക്താക്കൾ നേരിടാവുന്ന പ്രതിസന്ധികൾ എന്തെല്ലാ-മെന്ന് വെളിപ്പെടുത്തുമോ ? | ലൈനുകൾ ഉപയോഗിച്ച് വിതരണം ചെയ്യുന്ന സപ്ലൈ കമ്പനിയും ഇവരുടെ ഇടനിലയായി പ്രവർത്തിക്കുന്ന ഇന്റർമീഡിയറി കമ്പനിയുമായിട്ടാണ് നിർദ്ദിഷ്ട കരട് ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ടി കരട് ബിൽ പ്രാബല്യത്തിൽ വരികയാണെങ്കിൽ നിലവിൽ വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ചെലവ് കുറഞ്ഞ ജല വൈദ്യുതി നിലയങ്ങളിൽ നിന്നും കൂടാതെ കേന്ദ്ര നിലയങ്ങളിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതിയും വൈദ്യുതി ബോർഡ് സംസ്ഥാനത്തിന് വേണ്ടി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയും ഇന്റർമീഡിയറി കമ്പനിയിൽ നിക്ഷിപ്തമായിരിക്കും. പ്രസ്തുത ഇന്റർമീഡിയറി കമ്പനിയായിരിക്കും ടി സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സപ്ലൈ ലൈസൻസികൾ വഴി അതാത് സ്ഥലങ്ങളിൽ വിതരണത്തിന് അനുവദിക്കുന്നത്.<br><br>ഇപ്പോൾ സംസ്ഥാനത്തുള്ള ചെലവ് കുറഞ്ഞ ജല വൈദ്യുതപദ്ധതികളിൽ നിന്നും കേന്ദ്രപൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കൊണ്ടാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കും (200 യൂണിറ്റിന് താഴെ) കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നത്.<br><br>എന്നാൽ സംസ്ഥാനത്ത് ലഭ്യമാകുന്ന മേൽപ്പറഞ്ഞ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് കുറഞ്ഞ വൈദ്യുതി ഇന്റർമീഡിയറി കമ്പനി വഴി സ്വകാര്യ സപ്ലൈ ലൈസൻസികൾക്ക് ലഭിക്കുന്ന പക്ഷം ടി കമ്പനിയിൽ താൽപ്പര്യമുള്ള വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതും, നിലവിലുള്ള ക്രോസ് സബ്സിഡി ഇല്ലാതാകുന്നതുമാണ്.<br><br>കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഇൻകുംബന്റ് സപ്ലൈ ലൈസൻസിക്ക് ഗാർഹിക കാർഷിക ഉപഭോക്താക്കൾക്കും, അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകും. ഇത് സംസ്ഥാനത്തിന്റെ |

| | |
|---|---|
| | സാമൂഹിക സാമ്പത്തിക പ്രതിബദ്ധതയെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തുന്നു.<br>മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്ത് ഒരു ഇന്റർമീഡിയറി കമ്പനി ആവശ്യമില്ലെന്ന അഭിപ്രായം ടി കരട് ബിൽ പരിശോധിക്കുന്ന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ